**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 101** **19-06-2024 - ൽ മറുപടിയ്ക്ക്**

**മലബാർ മേഖലയിലെ പ്ലസ് വൺ സീറ്റ് പ്രതിസന്ധിക്ക് ശാശ്വത പരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മലബാർ മേഖലയിൽ പ്ലസ് വൺ പ്രവേശനത്തിന് പ്രതിസന്ധി നേരിടുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | മലബാർ മേഖലയിലെ സീറ്റ് ക്ഷാമം പരിഹരിക്കുന്നതിന് വേണ്ടി സ.ഉ.(കൈ) നം. 45/2024/പൊ.വി.വ തീയതി 08/05/2024 സർക്കാർ ഉത്തരവ് പ്രകാരം 2023-24 വർഷം താൽക്കാലികമായി അനുവദിച്ചതും നിലനിർത്തിയതും ഷിഫ്റ്റ് ചെയ്തതുമായ ബാച്ചുകൾ തുടരുന്നതിനും മലബാർ മേഖലയിൽ എല്ലാ സർക്കാർ സ്കൂളുകളിലും 30% മാർജിനൽ സീറ്റ് വർദ്ധനയും, എല്ലാ എയ്ഡഡ് സ്കൂളുകൾക്കും 20% മാർജിനൽ സീറ്റ് വർദ്ധനയും, ആവശ്യപ്പെടുന്ന എയ്ഡഡ് സ്കൂളുകൾക്ക് അധികമായി 10 ശതമാനം മാർജിനൽ സീറ്റ് വർദ്ധനയും അനുവദിച്ച് ഉത്തരവായിട്ടുണ്ട്.<br><br>വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ ഒന്നാം വർഷ പ്രവേശനത്തിന് മലബാർ മേഖലയിൽ പ്രതിസന്ധി ഉള്ളതായി പരാതി ലഭിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത മേഖലയിൽ പ്ലസ് വൺ പ്രവേശനത്തിന് പര്യാപ്തമായ സീറ്റുകൾ ഇല്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | രണ്ടാം അലോട്ട്മെന്റ് പൂർത്തീകരിച്ചപ്പോൾ ഉള്ള ഏകജാലകം ഉൾപ്പടെയുള്ള വിവിധ ക്വാട്ടകളിലെ പ്രവേശന വിവരങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.<br><br>മലബാർ മേഖലയിൽ വി.എച്ച്.എസ്.ഇ വിഭാഗത്തിൽ ഒന്നാം വർഷ പ്രവേശനത്തിന് മതിയായ കുട്ടികളില്ലാതെ ഒഴിഞ്ഞ് കിടക്കുന്ന സാഹചര്യമാണ് ഉള്ളത്. 2023-24 പ്രവേശന വർഷത്തിലെ മലബാർ മേഖലയിലെ ജില്ലാ അടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |
| (സി) | തെക്കൻ ജില്ലകളിൽ കുട്ടികളില്ലാതെ ഹയർസെക്കണ്ടറി ബാച്ചുകൾ ഒഴിഞ്ഞ് കിടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവ | (സി) | മുൻ വർഷങ്ങളിൽ കുട്ടികൾ കുറവുള്ള ബാച്ചുകൾ ആവശ്യമുള്ള പ്രദേശങ്ങളിലേയ്ക്ക് ഷിഫ്റ്റ് ചെയ്തിട്ടുണ്ട്. മലബാർ മേഖലയിൽ പ്രത്യേകിച്ച് മലപ്പുറം ജില്ലയിലേയ്ക്കാണ് 14 ബാച്ചുകൾ കഴിഞ്ഞ വർഷം |

| | | | |
|---|---|---|---|
| | മലബാർ മേഖലയിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; | | ഷിഫ്റ്റ് ചെയ്ത് ഈ വർഷവും തുടരുന്നത്. മുഖ്യഘട്ട പ്രവേശനം പൂർത്തീകരിച്ച ശേഷം സംസ്ഥാന തലത്തിലും താലൂക്ക് തലത്തിലും സ്ഥിതി വീണ്ടും പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | മലബാർ മേഖലയിലെ പ്ലസ് വൺ സീറ്റ് ക്ഷാമം ശാശ്വതമായി പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; സർക്കാർ, എയ്ഡഡ് മേഖലയിലെ എല്ലാ സ്കൂളുകളിലും പുതിയ ബാച്ചുകൾ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | സീറ്റ് ക്ഷാമം പരിഹരിക്കുന്നതിന് വേണ്ടി സ.ഉ.(കൈ) നം. 45/2024/പൊ.വി.വ തീയതി 08/05/2024 സർക്കാർ ഉത്തരവ് പ്രകാരം 2023-24 വർഷം താൽക്കാലികമായി അനുവദിച്ചതും നിലനിർത്തിയതും ഷിഫ്റ്റ് ചെയ്തതുമായ ബാച്ചുകൾ തുടരുന്നതിനും മലബാർ മേഖലയിൽ എല്ലാ സർക്കാർ സ്കൂളുകളിലും 30% മാർജിനൽ സീറ്റ് വർദ്ധനയും, എല്ലാ എയ്ഡഡ് സ്കൂളുകൾക്കും 20% മാർജിനൽ സീറ്റ് വർദ്ധനയും, ആവശ്യപ്പെടുന്ന എയ്ഡഡ് സ്കൂളുകൾക്ക് അധികമായി 10 ശതമാനം മാർജിനൽ സീറ്റ് വർദ്ധനയും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. അതനുസരിച്ചാണ് മുഖ്യഘട്ട അലോട്ട് മെന്റുകൾ നടന്നു വരുന്നത്. മുഖ്യഘട്ട പ്രവേശനം പൂർത്തീകരിച്ച ശേഷം സംസ്ഥാന തലത്തിലും താലൂക്ക് തലത്തിലും സ്ഥിതി വീണ്ടും പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>നിലവിൽ എയ്ഡഡ് മേഖലകളിലെ സ്കൂളുകളിൽ പുതിയ വി.എച്ച്.എസ്.ഇ ബാച്ചുകൾ അനുവദിക്കുന്നതിന് അപേക്ഷ ലഭിക്കുകയോ ഒന്നാം വർഷ വി.എച്ച്.എസ്.ഇ പ്രവേശനത്തിൽ സീറ്റുകൾക്ക് ക്ഷാമം നേരിടുന്നതായോ ശ്രദ്ധയിൽപെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

| ഹയർ സെക്കന്ററി – രണ്ടാം അലോട്ട്മെന്റ് പൂർത്തീകരിച്ചപ്പോഴുള്ള പ്രവേശന വിവരം | | | | | | |
|---|---|---|---|---|---|---|
| ജില്ല | ഒന്ന്, രണ്ട് അലോട്ട്മെന്റുകളിൽ മെരിറ്റ് ക്വാട്ടയിൽ പ്രവേശനം നേടിയവർ | സ്പോർട്ട്സ് ക്വാട്ടയിൽ / എം.ആർ. എസ് സ്കൂളുകളിൽ പ്രവേശനം നേടിയവർ | കമ്മ്യൂണിറ്റി ക്വാട്ടയിൽ പ്രവേശനം നേടിയവർ | മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം നേടിയവർ | അൺ-എയ്ഡഡ് ക്വാട്ടയിൽ പ്രവേശനം നേടിയവർ | ഹയർ സെക്കന്ററിയിൽ ആകെ പ്രവേശനം നേടിയവർ |
| പാലക്കാട് | 20934 | 459 | 517 | 75 | 147 | 22132 |
| കോഴിക്കോട് | 21763 | 518 | 1732 | 204 | 62 | 24279 |
| മലപ്പുറം | 33337 | 888 | 2282 | 98 | 204 | 36809 |
| വയനാട് | 6551 | 240 | 256 | 18 | 0 | 7065 |
| കണ്ണൂർ | 19632 | 404 | 394 | 187 | 5 | 20622 |
| കാസറഗോഡ് | 10273 | 152 | 106 | 11 | 12 | 10554 |

## അനുബന്ധം 2

| വൊക്കേഷണൽ ഹയർ സെക്കന്ററി – പ്രവേശന വിവരം | | | |
|---|---|---|---|
| ജില്ല | സീറ്റുകളുടെ എണ്ണം | പ്രവേശനം ലഭിച്ചവരുടെ എണ്ണം | ഒഴിഞ്ഞ് കിടക്കുന്ന സീറ്റുകളുടെ എണ്ണം |
| കോഴിക്കോട് | 2670 | 2668 | 2 |
| മലപ്പുറം | 2850 | 2796 | 54 |
| പാലക്കാട് | 2100 | 1894 | 206 |
| വയനാട് | 840 | 759 | 81 |